(ബി) എങ്കിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളെ 1999-2000-ൽ ഈ ലിസ്റ്റിൽപ്പെടുത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) വകമാറ്റി തുക ചെലവുചെയ്ത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും 18 ശതമാനം പലിശ സഹിതം ഈ തുക ഈടാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ എത്ര സെക്രട്ടറിമാരിൽ നിന്നും ഈ അടിസ്ഥാനത്തിൽ തുക ഈടാക്കേണ്ടതായി വരുമെന്നറിയിക്കുമോ ?

ഉത്തരം

(എ) മൈനസ് ഫണ്ട് ലിസ്റ്റ് എന്ന ഒരു ലിസ്റ്റ് നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം ഓണറേറിയം മുതലായവ നൽകുന്നതിന് എസ്റ്റാബിളിഷ്മെന്റ് ഗ്രാന്റ് മതിയാകാത്ത സാഹചര്യത്തിൽ മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവ് ചെയ്ത ചില സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അത്തരത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടില്ല.

ത്രിതല പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ്

21(401) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളിലെ ന്യൂനതകൾ കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ കണക്കുകളുടെ ഓഡിറ്റിംഗ് ഏതുകാലം വരെയുള്ളത് നടത്തിയിട്ടുണ്ട് ;

(സി) ഇവയുടെ പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം തലത്തിലുള്ള എത്ര പഞ്ചായത്തുകളിൽ ഏതുവർഷം വരെ നടത്തിയിട്ടുണ്ട് ;

(ഇ) ബാക്കി ത്രിതലപഞ്ചായത്തുകളിലെ തുടർന്നുള്ള കാലങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് നടത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-10-1997-ലെ സർക്കാർ ഉത്തരവ് നമ്പർ 235/97/ത.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള പഞ്ചായത്ത് രാജ് പരിശോധനരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനയിലൂടെ ത്രിതലപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിലെ ന്യൂനതകൾ പരിഹരിക്കുന്നു.

(ബി-ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലാ പഞ്ചായത്തുകളുടെ ഓഡിറ്റ് 1998- 99 വരെ പൂർത്തിയായി. 1999-2000 വർഷത്തിലെ പെർഫോമൻസ് ഓഡിറ്റ് നടത്താൻ നടപടി സ്വീകരിച്ചു വരുന്നു. 1997-98, 1998-99 വർഷങ്ങളിൽ 785 ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ആദ്യഘട്ടം ആയിരുന്നതിനാലും കേന്ദ്രീകൃത മോണിറ്ററിംഗ് ഫലപ്രദമാക്കാൻ കഴിയാത്തതിനാലും ആണ് കാലതാമസം നേരിടുന്നത്. ഈ വൈകല്യങ്ങൾ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ

22(402) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ാം മാണ്ടിലെ പദ്ധതി നിർവ്വഹണത്തിൽ ആലപ്പുഴ ജില്ലയിൽ ഏറ്റവും മുൻപന്തിയിൽ വന്ന 10 പഞ്ചായത്തുകളുടെയും 3 മുനിസിപ്പാലിറ്റികളുടെയും 3 ബ്ലോക്ക് പഞ്ചായത്തുകളുടെയും പേരുകൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സമിതികൾ പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യം കൈവരിച്ചത് എത്ര ശതമാനം വീതമാണ് ;

(സി) പദ്ധതി നിർവ്വഹണത്തിൽ ആലപ്പുഴ ജില്ലാപഞ്ചായത്ത് 1999-2000 ആണ്ടിൽ എത്ര ശതമാനം കൈവരിച്ചു;

(ഡി) ആലപ്പുഴ ജില്ലാ പഞ്ചായത്ത് 1999-2000-ാം മാണ്ടിൽ നടപ്പാക്കിയ ഏറ്റവും പ്രധാനപ്പെട്ട 10 പദ്ധതികളുടെ പേരുകളും അതിനായി ചെലവഴിച്ച തുകകളും അറിയിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ:-

1.	തണ്ണീർമുക്കം	2.	വള്ളിക്കുന്നം
3.	കഞ്ഞിക്കുഴി	4.	പാണ്ടനാട്
5.	മാന്നാർ	6.	തഴക്കര
7.	തൃപ്പെരുന്തുറ	8.	പെരുമ്പളം
9.	തിരുവൻവണ്ടൂർ	10.	ആര്യാട്

LIBRARY ARCHIVES Kerala Legislative Assembly